# ശാസ്ത്രീയപഠനം നടത്തിയും പാരിസ്ഥിതികസന്തുലിതാവസ്ഥ നിലനിർത്തിയും കുട്ടനാടിനെ സംരക്ഷിക്കണം

കുട്ടനാടിന്റെ പരിസ്ഥിതിസംരക്ഷണത്തെയും കാർഷികമേഖലയിലെ പ്രതിസന്ധികളെയും കുറിച്ച് വളരെ സജീവമായ ചർച്ചകൾ നടന്നുവരികയാണ്.

അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കഭീഷണിമൂലം കുട്ടനാട്ടിൽനിന്ന് ഏതാണ്ട് ആയിരത്തോളം കുടുംബങ്ങൾ പരിസ്ഥിതിഅഭയാർത്ഥികളായി അന്യനാടുകളിലേക്ക് പലായനം ചെയ്തുകഴിഞ്ഞു എന്നാണ് പറയപ്പെടുന്നത്. യാത്രാക്ലേശം മൂലം മുൻകാലങ്ങളിൽ ആളുകൾ ഒഴിഞ്ഞുപോയിരുന്നു. പിന്നീട് യാത്രാസൗകര്യങ്ങൾ മെച്ചപ്പെട്ടു എങ്കിലും 2018-ൽ ഉണ്ടായ ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്ന് വാസസ്ഥലങ്ങൾ വെള്ളത്തിൽ മുങ്ങിപ്പോയതിന്റെ അടിസ്ഥാനത്തിലായിരുന്നു ഇത്രയധികം കുടുംബങ്ങൾ പലായനം ചെയ്തത്.

വർഷത്തിൽ ഒന്നോ രണ്ടോ വെള്ളപ്പൊക്കമുണ്ടാകുന്ന കുട്ടനാട്ടിൽ ഇപ്പോൾ വേനൽക്കാലത്തുപോലും വെള്ളപ്പൊക്കഭീഷണി നിലനില്ക്കുന്നു. ഇക്കഴിഞ്ഞ മെയ്മാസമുണ്ടായ വെള്ളപ്പൊക്കംതന്നെ ഏറ്റവും വലിയ ഉദാഹരണം. കുട്ടനാട്ടിലെ ഇടതടവില്ലാത്ത ദുരിതങ്ങളുടെ പ്രധാനകാരണങ്ങൾ അശാസ്ത്രീയമായി പ്രവർത്തിപ്പിക്കുന്ന തണ്ണീർമുക്കംബണ്ടും തോട്ടപ്പള്ളി സ്പിൽവേയുമാണ്. കുട്ടനാട്ടിലെ കൃഷിയെ ഓരുവെള്ളത്തിൽനിന്ന് രക്ഷിക്കേണ്ട തണ്ണീർമുക്കംബണ്ട് ഡിസംബർ പകുതി മുതൽ മാർച്ച് പകുതിവരെ പരമാവധി 90 ദിവസം അടച്ചിടാനാണ് വ്യവസ്ഥ. കുട്ടനാടിന് സമഗ്രമായ ഒരു കാർഷികകലണ്ടർ ഇല്ലാത്തതിനാൽ ബണ്ടിന്റെ ഷട്ടറുകൾ അടയ്ക്കുന്നതും തുറക്കുന്നതും വ്യവസ്ഥാപിതമായിരുന്നില്ല. ഇത്തവണ ഷട്ടർ 150 ദിവസത്തോളം അടഞ്ഞുകിടന്നു. മേയ് മാസത്തിൽ കുട്ടനാട്ടിൽ വെള്ളപ്പൊക്കമുണ്ടാകാൻ ഒരു കാരണം ഇതാണെന്ന ആരോപണം തള്ളിക്കളയാനാവില്ല.

അച്ചൻകോവിൽ, പമ്പ എന്നീ നദികളിലൂടെ കുട്ടനാട്ടിലേക്കെത്തുന്ന പ്രളയജലം വേഗം കടലിലേക്കൊഴുക്കുക, വേലിയേറ്റമുണ്ടാകുമ്പോൾ ഓരുജലത്തെ തടയുക എന്നീ ലക്ഷ്യങ്ങളോടെ 70 വർഷം മുമ്പ് തുടങ്ങിയ തോട്ടപ്പള്ളി സ്പിൽവേ, ഷട്ടറുകളുടെ നിർമ്മിതിയിലുണ്ടായ വ്യാപകമായ ക്രമക്കേടുകൾമൂലം പൂർണ്ണഫലപ്രാപ്തിയിലല്ല പ്രവർത്തിക്കുന്നത്. അതോടൊപ്പം, കാലങ്ങളായി നദികളിലും ഇടത്തോടുകളിലും എക്കൽ നിറഞ്ഞ് ആഴം കുറഞ്ഞതും തോട്ടപ്പള്ളി സ്പിൽവേ വഴിയുള്ള നീരൊഴുക്കിന് തടസ്സമായി. ഈ എക്കൽ നീക്കംചെയ്യുകയും അതിലൂടെ ലഭിക്കുന്ന കട്ട ഉപയോഗിച്ച് പാടശേഖരങ്ങളുടെ പുറംബണ്ട് ഉയർത്തി ബലപ്പെടുത്തുകയും, താഴ്ന്ന പുരയിടങ്ങൾ ഉയർത്തുകയും വേണമെന്ന് കാർഷികമേഖലയിലെ വിദഗ്ദ്ധരും കുട്ടനാട്ടുകാരും നിരന്തരം ആവശ്യപ്പെടുന്നുണ്ട്. അതിന് സർക്കാരിന്റെ പ്രത്യേക അനുമതി വേണം. 'നദിക്കൊരിടം' ഉൾപ്പെടെയുള്ള നിർദ്ദേശങ്ങളുമായി കുട്ടനാട് പുനരുജ്ജീവനപദ്ധതി സർക്കാർ ഒന്നരവർഷം മുമ്പ് പ്രഖ്യാപിച്ചെങ്കിലും അത് കടലാസിൽ ഒതുങ്ങി. വേമ്പനാട്ടുകായലിനെ സംരക്ഷിക്കാൻ കായലിന്റെ ആഴം കൂട്ടുമെന്നും നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുമെന്നും ഉൾപ്പെടെയുള്ള ഗവണ്മെന്റിന്റെ പ്രഖ്യാപനങ്ങൾ ബജറ്റിലുൾപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല.

കുട്ടനാട്ടിലെ ജലാശയങ്ങളും പാടശേഖരങ്ങളും കയ്യേറ്റങ്ങൾക്ക് വിധേയമായി നികത്തപ്പെടുകയും ശോഷിക്കുകയും ചെയ്തിട്ടുണ്ട്. പശ്ചിമഘട്ടം പരിസ്ഥിതിലോലപ്രദേശമായി പരിഗണിച്ചപ്പോൾ 'അന്താരാഷ്ട്രകാർഷികപൈതൃകപദ്ധതി'യിൽ ഉൾപ്പെടുത്തിയ കുട്ടനാടിനുവേണ്ടി അത്തരം പഠനങ്ങളൊന്നുമുണ്ടായില്ല.

വെള്ളപ്പൊക്കകാലത്ത് ജലനിരപ്പ് ഉയരുന്നതോടെ മാലിന്യങ്ങൾ കരകവിഞ്ഞൊഴുകും. കൃഷിക്കുപയോഗിക്കുന്ന രാസവളങ്ങളും കീടനാശിനികളുമാണ് ജലം മലിനമാക്കുന്നതിന്റേ തോത് വർദ്ധിപ്പിക്കുന്നത്. ജലാശയങ്ങളിൽ പോളയും പായലും നിറയുന്നതും, മാലിന്യങ്ങൾ നദികളിലൂടെ കുട്ടനാട്ടിലേക്ക് ഒഴുകിയെത്തുന്നതും ഈ പ്രതിസന്ധി രൂക്ഷമാക്കുന്നു. പതിറ്റാണ്ടുകളായി കാത്തിരിക്കുന്ന ശുദ്ധജലപദ്ധതികൾ പൂർത്തിയാകാത്തതിനാൽ ഇന്നും കുട്ടനാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും കുടിക്കുന്നതിനൊഴികെ കനാലുകളിലെയും കായലിലെയും നദികളിലെയും മലിനജലത്തെയാണ് ആശ്രയിക്കുന്നത്.

കുട്ടനാടിന്റെ ശോച്യാവസ്ഥയെക്കുറിച്ചുള്ള ആരോപണ-പ്രത്യാരോപണങ്ങളിൽ ഏർപ്പെടേണ്ട സമയമല്ലിത്. ഇനിയൊരു പ്രളയത്തെക്കൂടി താങ്ങാനാവാത്തവിധം തളർന്നുപോയിരിക്കുന്നു കുട്ടനാട്. ആയതിനാൽ, കുട്ടനാട്ടിലെ ജനങ്ങളുടെ ആശങ്കയകറ്റി, ശാസ്ത്രീയപഠനത്തിലൂടെ, കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിച്ചുനിർത്തി കുട്ടനാടിനെ സംരക്ഷിക്കുവാൻ വേണ്ട സത്വരനടപടികൾ സ്വീകരിക്കുകയാണ് സർക്കാർ ചെയ്യേണ്ടത്.